## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128 | 15.06.2012ൽ മറുപടിയ്ക്ക് |
|---|---|
| **തന്റേടം ജൻഡർ പാർക്ക് പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. എ. റ്റി. ജോർജ്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. വി. ഡി. സതീശൻ**<br>**ശ്രീ. റ്റി. എൻ. പ്രതാപൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) തന്റേടം ജൻഡർ പാർക്ക് പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ, വിശദമാക്കുമോ ; | (എ) ഉണ്ട്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ തന്റേടം ജൻഡർ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ കോഴിക്കോട് ജില്ലയിൽ 17/3/2012 ൽ തറക്കല്ലിട്ടു കഴിഞ്ഞു. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) സ്ത്രീശാക്തീകരണം, സ്ത്രീസൗഹൃദം, വനിതാക്ഷേമം,സ്ത്രീപഠനം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി നിലവിൽ സാമൂഹ്യക്ഷേമ വകുപ്പ് നൽകിവരുന്ന സേവനങ്ങൾ ഒറ്റക്കുടക്കീഴിൽ ലഭ്യമാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജെൻഡർ ബഡ്ജറ്റിങ്ങ്,ഓഡിറ്റിങ്ങ്,പ്ലാനിംഗ് എന്നിവ ശക്തിപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. മാത്രമല്ല കൊല്ലം തോറും സ്ത്രീ സംബന്ധിയായ വിവിധ വശങ്ങളെ സംബന്ധിച്ച് ആരോഗ്യ,വിദ്യാഭ്യാസ, വ്യാവസായിക, കായിക കലാ സാഹിത്യ രംഗത്തുള്ളവരെ ഒരുമിച്ചു കൊണ്ടുവന്ന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ജെൻഡർ |

| | |
|---|---|
| | ഫെസ്റ്റ് നടത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിലേയും കുടുംബശ്രീയിലേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും, സാമൂഹ്യക്ഷേമ മിഷൻ, വനിതാ കമ്മീഷൻ എന്നിവക്ക് ദിശാബോധം നൽകാനുള്ള പ്രവർത്തനങ്ങളും ഇതിന്റെ ലക്ഷ്യമാണ്. |
| (സി) ഈ പദ്ധതി വിജയിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; | (സി) തന്റേടം ജൻഡർ പാർക്കിന്റെ വിശദമായ പ്രൊപ്പോസൽ സർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കിക്കഴിഞ്ഞാലുടൻതന്നെ ജെൻഡർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമാരംഭിക്കുന്നതും വിശദമായ പ്രോജക്ട് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ഡി)പദ്ധതിക്ക് വേണ്ടത്ര പ്രചരണം നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) തന്റേടം ജൻഡർ പാർക്കിന്റെ പ്രചരണത്തിനായി 2012 മാർച്ച് 8 മുതൽ 17 വരെ വിവിധ പരിപാടികളോടെ തന്റേടം ജൻഡർ ഫെസ്റ്റ് 2012 സംഘടിപ്പിക്കുകയുണ്ടായി. ഇനിയും ആവശ്യമായ തുടർ പ്രചരണ പരിപാടികൾ പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**